**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 263** | **08-08-2023 - ൽ മറുപടിയ്ക്ക്**

**സസ്പെൻഷനിൽ ആയ ജീവനക്കാരെ സർക്കാർ അനുമതി ഇല്ലാതെ തിരിച്ചെടുത്തവർക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ഐ.സി.യു. -വിൽ പീഡനത്തിന് ഇരയായ യുവതിയെ ഭീഷണിപ്പെടുത്തിയതുമായി ബന്ധപ്പെട്ട് മെഡിക്കൽ കോളേജിലെ ചില ജീവനക്കാർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇവർ ആരെല്ലാമാണെന്നും ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; | (എ) | ഉണ്ട്.<br><br>ശ്രീമതി. ഷൈമ പി ഇ - ഹോസ്പിറ്റൽ അറ്റൻഡൻറ് ഗ്രേഡ് II<br><br>ശ്രീമതി. ആസ്യ എൻ കെ-ഹോസ്പിറ്റൽ അറ്റൻഡൻറ് ഗ്രേഡ് I<br><br>ശ്രീമതി. ഷൈനി ജോസ്- ഹോസ്പിറ്റൽ അറ്റൻഡൻറ് ഗ്രേഡ് I<br><br>ശ്രീമതി. ഷലൂജ വി - ഹോസ്പിറ്റൽ അറ്റൻഡൻറ് ഗ്രേഡ് I<br><br>ശ്രീമതി. പ്രസീത മനോളി - നഴ്സിംഗ് അസിസ്റ്റൻറ്<br><br>കുമാരി. ദീപ - ഹോസ്പിറ്റൽ അറ്റൻഡൻറ് ഗ്രേഡ് II (ദിവസവേതന ജീവനക്കാരി)<br><br>എന്നിവർക്കെതിരെയാണ് കോഴിക്കോട് ഗവൺമെൻറ് മെഡിക്കൽ കോളേജ് ഐ.സി.യു-വിൽ പീഡനത്തിന് ഇരയായ യുവതിയെ സ്വാധീനിക്കാൻ ശ്രമിച്ചു എന്ന പരാതിയിൽ വകുപ്പുതല നടപടികൾ കൈക്കൊണ്ടിട്ടുള്ളത്.<br><br>**23.03.2023** തീയതിയിലെ ജി.എം.സി. കെ.കെ.ഡി/**1083/2023**-ഇ**9** ഉത്തരവു പ്രകാരം മേൽപ്പറഞ്ഞ **5** സ്ഥിരം ജീവനക്കാരെ **1960**-ലെ കേരള സിവിൽ സർവീസ് ക്ലാസിഫിക്കേഷൻ കൺട്രോൾ **&** അപ്പീൽ ചട്ടങ്ങളിലെ ചട്ടം **10(1) (**ബി**) (**സി**)** പ്രകാരം അന്വേഷണവിധേയമായി കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ സസ്പെൻഡ് ചെയ്യുകയും ദിവസ വേതന ജീവനക്കാരിയായ കുമാരി**.** ദീപയെ ഉടൻ പ്രാബല്യത്തിൽ സേവനത്തിൽ നിന്നും നീക്കം ചെയ്യുകയും ചെയ്തിരുന്നു**.** |

| | | | |
|---|---|---|---|
| | | | ഇവർ **5** പേർക്കും **30.03.2023** - ന് കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും നൽകിയിരുന്നു. ആയതിന് ജീവനക്കാർ പ്രതിവാദ പത്രിക സമർപ്പിക്കുകയുണ്ടായി. പ്രതിവാദ പത്രികയിൽ, പരാമർശിക്കപ്പെട്ട ആരോപണങ്ങൾ ഇവർ നിഷേധിക്കുകയാണുണ്ടായത്. ജീവനക്കാർ സമർപ്പിച്ച പ്രതിവാദ പത്രിക പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും പ്രാഥമിക അന്വേഷണ റിപ്പോർട്ടിൽ തുടർ അന്വേഷണം ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലും മേൽപ്പറഞ്ഞ ജീവനക്കാർക്കെതിരെ അന്വേഷണ നടത്തുന്നതിനായി കേരള സിവിൽ സർവീസ് തരംതിരിക്കലും നിയന്ത്രണവും അപ്പീലും ചട്ടങ്ങളിലെ ഖണ്ഡിക **15** (ബി) പ്രകാരം **20.04.2023** തീയതിയിലെ ജി.എം.സി.കെ.കെ.ഡി/**1083/2023** -ഇ**9** നമ്പർ ഉത്തരവു പ്രകാരം അന്വേഷണ ഉദ്യോഗസ്ഥരെ നിയമിച്ചിരുന്നു. പ്രസ്തുത അന്വേഷണ ഉദ്യോഗസ്ഥർ പ്രിൻസിപ്പലിന് സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് പ്രകാരം ടി ജീവനക്കാർക്കെതിരെ ആരോപിക്കപ്പെട്ട കുറ്റം തെളിയിക്കപ്പെടാത്ത സാഹചര്യത്തിലും നിയമ നടപടികൾ തുടരുന്നതിനാലും നിയമനാധികാരി എന്ന നിലയിൽ കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഇവർക്കെതിരെയുള്ള സസ്പെൻഷൻ നടപടി നിയമ നടപടികൾക്ക് വിധേയമായി **31.05.2023** തീയതി പ്രാബല്യത്തിൽ പിൻവലിക്കുകയാണുണ്ടായത്. പിന്നീട് ഈ കാര്യത്തിൽ ഉന്നതതല അന്വേഷണം ആവശ്യമാണെന്ന മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽ നിന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സസ്പെൻഷൻ പിൻവലിച്ച **31.05.2023** തീയതിയിലെ നടപടി **08.06.2023** തീയതിയിലെ ജി.എം.സി.കെ.കെ.ഡി/**1083/2023**-ഇ**9** ഉത്തരവ് പ്രകാരം പ്രിൻസിപ്പൽ റദ്ദ് ചെയ്യുകയും ടി **5** ജീവനക്കാരും നിലവിൽ സസ്പെഷനിൽ തുടരുകയുമാണ്. |
| (ബി) | സസ്പെൻഷനിൽ ആയ പ്രസ്തുത ജീവനക്കാരെ തിരികെ സർവീസിൽ പ്രവേശിപ്പിക്കുവാൻ ഉത്തരവ് നൽകിയത് സർക്കാർ അറിവോട് കൂടിയാണോ എന്ന് വിശദമാക്കുമോ; സർക്കാർ അനുമതി ഇല്ലെങ്കിൽ സസ്പെൻഷനിലായ ജീവനക്കാരെ തിരിച്ചെടുക്കുവാൻ ഉത്തരവ് നൽകിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | സസ്പെൻഷനിലായ **5** ജീവനക്കാരുടെ സസ്പെൻഷൻ നടപടി പിൻവലിച്ച് ജോലിയിൽ തിരികെ പ്രവേശിപ്പിച്ച നടപടി നിയമനാധികാരി എന്ന നിലയിൽ പ്രിൻസിപ്പൽ തലത്തിൽ സ്വീകരിച്ചതാണ്. പിന്നീട്, സസ്പെൻഷനിലുള്ള ജീവനക്കാരെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കണമോ എന്ന കാര്യത്തിൽ ഉന്നതതല അന്വേഷണം ആവശ്യമാണെന്ന മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽ നിന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സസ്പെൻഷൻ പിൻവലിച്ച **31.05.2023** തീയതിയിലെ പ്രിൻസിപ്പലിന്റെ നടപടി **08.06.2023** തീയതിയിലെ |

| | | | |
|---|---|---|---|
| | | | ജി.എം.സി.കെ.കെ.ഡി/**1083/2023-**ഇ**9** ഉത്തരവ് പ്രകാരം റദ്ദ് ചെയ്യുകയും ടി **5** ജീവനക്കാരും നിലവിൽ സസ്പെൻഷനിൽ തുടരുകയുമാണ്. തുടരന്വേഷണത്തിനായി ഡി.എം.ഇ. തലത്തിൽ കമ്മിറ്റി രൂപീകരിച്ച് അന്വേഷണം നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ